ഭരണഭാഷ മാതൃഭാഷ

നമ്പർ സി2-1974/2025

ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയം
കാസർഗോഡ്, തീയ്യതി:01.08.2025
ഫോൺ: 0467-2203118
**E-mail: dmohksd@gmail.com**

## ദർഘാസ് നോട്ടീസ്

ജില്ലാ മെഡിക്കൽ ഓഫീസിന്റെ കീഴിലുള്ള താഴെ പറയുന്ന വാഹനം പതിനാലു വർഷവും 6 മാസവും തികഞ്ഞ സാഹചര്യത്തിൽ 18.03.2025-ലെ G.O(P) No.27/2025 Fin പ്രകാരവും താഴെ കൊടുത്തിട്ടുള്ള നിബന്ധനകൾ പ്രകാരവും പരസ്യമായി ലേലം /ക്വട്ടേഷൻ ചെയ്ത് വിൽപന നടത്തിയ ശേഷം 5 (അഞ്ച്) വർഷത്തേക്ക് തിരികെ ജില്ലാ മെഡിക്കൽ ഓഫീസിന്റെ ഉപയോഗത്തിനായി തന്നെ വാടകയ്ക്ക് എടുക്കുന്നതിനുള്ള ദർഘാസ് നോട്ടീസ്.

### വാഹനത്തിന്റെ വിശദാംശങ്ങൾ

| | |
|---|---|
| **Registration No.** | **KL01-AY 9533** |
| **Make and Model** | **Mahindra Jeep** |
| **Fuel** | **Diesel** |
| **Registration Validity Upto** | **15.08.2025** |
| **Total KM Covered (as on 31.07.2025)** | **202375 K M** |
| **Insurance Paid up to** | **19.08.2025** |

### നിബന്ധനകൾ

1. ലേലം കൈമാറുന്ന ആൾ വാഹനം വകുപ്പിൽ നിന്നും വാങ്ങി തിരികെ 5 (അഞ്ച്) വർഷത്തേക്ക് വാടകയ്ക്ക് നൽകേണ്ടതാണ്.
2. വാഹനം വാങ്ങുന്നതിന് ലേലം കൊള്ളാൻ ഉദ്ദേശിക്കുന്ന തുകയും വാഹനം വാടകയ്ക്ക് തിരികെ വകുപ്പിന് തന്നെ നൽകുന്നതിനുള്ള മാസവാടകയും ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോർമാറ്റിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
3. വാഹനം വാങ്ങാൻ ഉദ്ദേശിക്കുന്ന തുകയും മാസവാടകയും തമ്മിലുള്ള അനുപാതം കണക്കാക്കി അതിൽ കുറഞ്ഞ അനുപാതം അടിസ്ഥാനപ്പെടുത്തി ആയിരിക്കും ലേലം അംഗീകരിക്കുന്നത്.
4. 18.03.2025-ലെ G.O(P) No.27/2025 Fin സർക്കാർ ഉത്തരവ് പ്രകാരം ആയിരിക്കും ലേലം അംഗീകരിക്കുന്നത്.
5. വാഹനത്തിനാവശ്യ.മായ ഇന്ധനം, ഡ്രൈവർ എന്നിവ വകുപ്പിൽ നിന്നും നൽകുന്നതായിരിക്കും. വാഹനത്തിന്റെ അറ്റകുറ്റ പ്രവർത്തികളും, തുടർ അനുബന്ധ പ്രവർത്തികളും മറ്റ് എല്ലാ ചിലവുകളും കരാറുകാരൻ സ്വയം നിർവഹിക്കേണ്ടതാണ്.
6. വാഹനം ലേലം മുഖാന്തിരം വാങ്ങിയ ശേഷം ലേലം കൈക്കൊണ്ടയാൾ വാഹനത്തിന്റെ ഉടമസ്ഥാവകാശം സ്വന്തം പേരിൽ ആക്കിയ ശേഷം വകുപ്പിന്റെ

തുടർന്നുള്ള ഉപയോഗത്തിനുവേണ്ടി സ്വന്തം ചിലവിൽ Contract Carriage Permit എടുത്തിരിക്കണം.

7. ലേലം കൈകൊണ്ടയാൾ വാഹനത്തിന്റെ മുഴുവൻ തുകയും (18% ജി.എസ്.ടി അടക്കം) ലേലം സ്ഥിരീകരിച്ച ഉടൻ കെട്ടിവെക്കേണ്ടതാണ്. അല്ലാത്തപക്ഷം അടുത്ത കുറഞ്ഞ അനുപാത തുക രേഖപ്പെടുത്തിയ ആൾക്ക് ലേലം ഉറപ്പിച്ചു നൽകുന്നതാണ്.

8. ലേലം കൈകൊണ്ടയാൾ വാടക കാലാവധിയിൽ (കുറഞ്ഞത് അഞ്ച് വർഷം) വാഹനം വകുപ്പ് തല ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളതല്ല.

9. ലേലം കൈകൊണ്ടയാൾ ജില്ലാ മെഡിക്കൽ ഓഫീസറുമായി കേരള സർക്കാരിന്റെ 200/-രൂപയുടെ മുദ്രപത്രത്തിൽ വാടകക്കരാറിൽ ഏർപ്പെടേണ്ടതാണ്.

10. കരാറിൽ ഏർപ്പെടുന്ന തീയ്യതി മുതൽ വാഹനം വകുപ്പിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള യാത്രകൾക്കു ശേഷം മുഴുവൻ സമയവും കാര്യാലയത്തിൽ പാർക്കു ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ/ക്വട്ടേഷൻ സമർപ്പിക്കുന്നവർ ജില്ലാ മെഡിക്കൽ ഓഫീസർ കാഞ്ഞങ്ങാട്-ന്റെ പേരിൽ വാങ്ങിയ 4250/-രൂപയുടെ (നാലായിരത്തി ഇരുനൂറ്റി അമ്പത് രൂപ മാത്രം) ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം സമർപ്പിക്കാത്തവർക്ക് ലേലത്തിൽ പങ്കെടുക്കുവാനോ, ക്വട്ടേഷനുകൾ സമർപ്പിക്കുവാനോ സാധിക്കുന്നതല്ല. ലേലത്തിൽ പങ്കെടുക്കുന്നവർ/ക്വട്ടേഷൻ സമർപ്പിക്കുന്നവർ പേരും , അഡ്രസും മറ്റും തെളിയിക്കുന്നതിന് പാൻ കാർഡിന്റേയും, ആധാർ കാർഡിന്റേയും സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ ലേലം ആരംഭിക്കുന്നതിനു മുമ്പായി സമർപ്പിക്കേണ്ടതാണ്.

സീലു ചെയ്ത ക്വട്ടേഷനുകൾ 11.08.2025-ന് രാവിലെ 11 മണിക്ക് മുമ്പായി ജില്ലാ മെഡിക്കൽ ഓഫീസർ കാഞ്ഞങ്ങാട്, ബല്ല പി.ഒ-671531 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അങ്ങനെ ലഭിച്ച ക്വട്ടേഷനുകൾ അന്നേദിവസം 2.30 PM-ന് പരസ്യലേല നടപടികൾ പൂർത്തിയാക്കിയ ശേഷം അപ്പോൾ സന്നിഹിതരായിട്ടുള്ള ക്വട്ടേഷനുകൾ അല്ലെങ്കിൽ അവരുടെ രേഖാമൂലം ചുമതലപ്പെടുത്തിയിട്ടുള്ള വ്യക്തികൾ/ലേലക്കാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ക്വട്ടേഷൻ/ലേലം അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പൂർണ അധികാരം താഴെ ഒപ്പ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഈ ക്വട്ടേഷൻ/ലേല നടപടികൾ സർക്കാരിന്റെ നിലവിലെ എല്ലാ നിയമങ്ങൾക്കും ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടുള്ളതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവർത്തി സമയങ്ങളിൽ **0467-2203118** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം)
കാസർഗോഡ്

പകർപ്പ് :

1. ബഹു.ജില്ലാകളക്ടർ കാസറഗോഡ്
2. തഹസിൽദാർ താലൂക്ക് ഓഫീസ് ഹോസ്ദുർഗ്
3. സെക്രട്ടറി, കാഞ്ഞങ്ങാട് നഗരസഭ
4. ജില്ലാ പ്രോഗ്രാം മാനേജർ എൻ.എച്ച്.എം കാഞ്ഞങ്ങാട്
5. നോട്ടീസ് ബോർഡ്
6. ഫയൽ/കരുതൽ ഫയൽ

| ആരോഗ്യവകുപ്പിലെ വാഹനങ്ങൾ ലേലം മുഖേന വാങ്ങുന്നതിനും തിരികെ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കാഞ്ഞങ്ങാടിന് വാടകയ്ക്ക് നൽകുന്നതിനുമുള്ള ദർഘാസ് ഷെഡ്യൂൾ | | |
|---|---|---|
| വാഹനം വാങ്ങുവാൻ ഉദ്ദേശിക്കുന്ന വില (അക്കത്തിലും അക്ഷരത്തിലും) | വാഹനം തിരികെ വകുപ്പിലെ വാടകയ്ക്ക് നൽകുന്നതിന് ഉദ്ദേശിക്കുന്ന മാസ വാടക(അക്കത്തിലും അക്ഷരത്തിലും) | വാഹനം വാങ്ങുവാൻ ഉദ്ദേശിക്കുന്ന വിലയുടേയും വാഹനം തിരികെ വകുപ്പിന് വാടകയ്ക്ക് നൽകുന്നതിന് ഉദ്ദേശിക്കുന്ന മാസവാടകയുടേയും അനുപാതം |
| | | |

ദർഘാസിൽ പങ്കെടുക്കുന്ന ആളുടെ പേര്
മേൽവിലാസം

തീയ്യതി

ഒപ്പ്/-